**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617</u>** **<u>24-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>നിർമാണ സാമഗ്രികളുടെ വിലക്കയറ്റം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമാണ സാമഗ്രികളായ സിമെൻറ്, കമ്പി, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വില ക്രമാതീതമായി വർദ്ധിച്ചത് നിർമാണ മേഖലയുടെ സ്തംഭനത്തിന് കാരണമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | <u>(എ), (ബി), (സി) & (ഡി)</u><br><br>നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് നിർമ്മാണ മേഖലയുടെ സ്തംഭനത്തിന് കാരണമായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കേരളത്തിലെ മൊത്തം സിമന്റ് വിൽപ്പനയുടെ 5% മാത്രമാണ് പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സിന്റെ നിലവിലെ വിപണി വിഹിതം. വിപണിവിലയ്ക്കാനുപാതികമായി വില കുറച്ചാണ് കമ്പനി സിമന്റ് വിൽപ്പന നടത്തിവരുന്നത്. നിലവിൽ സിമന്റ് വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്റ്റീൽ, സിമന്റ് ഉത്പാദകരുടെയും ഡീലർ മാരുടെയും യോഗം വിളിച്ച് ചേർത്ത് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ നിർമാണ വസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് അറിയിക്കുമോ; | (ബി) | <u>(എ), (ബി), (സി) & (ഡി)</u><br><br>നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് നിർമ്മാണ മേഖലയുടെ സ്തംഭനത്തിന് കാരണമായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കേരളത്തിലെ മൊത്തം സിമന്റ് വിൽപ്പനയുടെ 5% മാത്രമാണ് പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സിന്റെ നിലവിലെ |

| | | | |
|---|---|---|---|
| | | | വിപണി വിഹിതം. വിപണിവിലയ്ക്കാനുപാതികമായി വില കുറച്ചാണ് കമ്പനി സിമന്റ് വിൽപ്പന നടത്തിവരുന്നത്. നിലവിൽ സിമന്റ് വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്റ്റീൽ, സിമന്റ് ഉത്പാദകരുടെയും ഡീലർ മാരുടെയും യോഗം വിളിച്ച് ചേർത്ത് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഇതിനായി സിമെൻറ്, കമ്പി, മറ്റ് നിർമാണ വസ്തുക്കൾ എന്നിവയുടെ കമ്പിനികളുമായി ചർച്ചകൾ നടത്തിയിരുന്നോ; വ്യക്തമാക്കുമോ ; | (സി) | <u>(എ), (ബി), (സി) & (ഡി)</u><br><br>നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് നിർമ്മാണ മേഖലയുടെ സ്തംഭനത്തിന് കാരണമായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കേരളത്തിലെ മൊത്തം സിമന്റ് വിൽപ്പനയുടെ 5% മാത്രമാണ് പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സിന്റെ നിലവിലെ വിപണി വിഹിതം. വിപണിവിലയ്ക്കാനുപാതികമായി വില കുറച്ചാണ് കമ്പനി സിമന്റ് വിൽപ്പന നടത്തിവരുന്നത്. നിലവിൽ സിമന്റ് വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്റ്റീൽ, സിമന്റ് ഉത്പാദകരുടെയും ഡീലർ മാരുടെയും യോഗം വിളിച്ച് ചേർത്ത് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കമ്പിനികൾ , കലവറ മുതലായവ മുഖേന നിശ്ചിത സ്ക്വയർ ഫീറ്റിൽ നിർമ്മിക്കുന്ന വീട്ടുകൾക്ക് സബ്സിഡി നിരക്കിൽ നിർമാണ സാമഗ്രികൾ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ഇല്ലെങ്കിൽ നിർമാണ വസ്തുക്കളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സാധാരണക്കാരുടെ 'വീട് 'എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ സർക്കാർ തലത്തിൽ ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | (എ), (ബി), (സി) & (ഡി)<br><br>നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് നിർമ്മാണ മേഖലയുടെ സ്തംഭനത്തിന് കാരണമായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കേരളത്തിലെ മൊത്തം സിമന്റ് വിൽപ്പനയുടെ 5% മാത്രമാണ് പൊതുമേഖല സ്ഥാപനമായ മലബാർ സിമന്റ്സിന്റെ നിലവിലെ വിപണി വിഹിതം. വിപണിവിലയ്ക്കാനുപാതികമായി വില കുറച്ചാണ് കമ്പനി സിമന്റ് വിൽപ്പന നടത്തിവരുന്നത്. നിലവിൽ സിമന്റ് വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി സ്റ്റീൽ, സിമന്റ് ഉത്പാദകരുടെയും ഡീലർ മാരുടെയും യോഗം വിളിച്ചു ചേർത്ത് വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവന നിർമാണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ *കലവറ* എന്ന പദ്ധതിയിലൂടെ 750 ചതുരശ്രയടി വരെ വിസ്തീർണമുള്ള വീട്ടുകൾ നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 '*കലവറ*'കൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ